**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക എയ്ഡ്സ് ദിനം 2016 - തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യക്ക് ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3264/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/12/2016

---

പരാമർശം:- ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യാ ഡയറക്ടറുടെ 01/11/2016 ലെ ANZC1/WADD/201/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ലോക എയ്ഡ്സ് ദിനം 2016 ന്റെ ഭാഗമായി ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 1-ാം തീയതി യൂണിവേഴ്സിറ്റി കോളേജ് ആഡിറ്റോറിയം, സെന്റിനറി ഹാൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന സെമിനാർ, എക്സിബിഷൻ തുടങ്ങിയ പരിപാടികളുടെ നടത്തിപ്പ് ചെലവുകൾക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അഭ്യർത്ഥനയാണ് പരാമർശം കത്തിലെ ആവശ്യം.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2016 ഡിസംബർ 1-ാം തീയതി യൂണിവേഴ്സിറ്റി കോളേജ് ആഡിറ്റോറിയം, സെന്റിനറി ഹാൾ എന്നിവിടങ്ങളിൽ വച്ച് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ലോക എയ്ഡ്സ് രോഗനിവാരണദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളുടെ നടത്തിപ്പ് ചെലവുകൾക്കായി നിലവിലുള്ള നിയമങ്ങൾക്കും കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിനും വിധേയമായി പരമാവധി 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപ വരെ തിരുവനന്തപുരം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

നഗരസഭയ്ക്ക് ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്. ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മേയർ/സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ഡയറക്ടർ, ആന്റി നാർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ കാട്ടാക്കട, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

- ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ധനകാര്യ വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.